**അനുബന്ധം**

ശ്രീ. ആന്റണി ജോൺ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

കോതമംഗലം നിയോജകമണ്ഡലത്തിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് നിരവധി പ്രവർത്തനങ്ങളാണ് വനം വകുപ്പ് നടപ്പിലാക്കി വരുന്നത്. ഇവയിൽ ചിലത് മാത്രമാണ് ഇവിടെ പറയുന്നത്.

മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന നേര്യമംഗലം റെയ്ഞ്ചിലെ കുട്ടമ്പുഴ പഞ്ചായത്തിൽ 13-ാം വാർഡിൽ വന്യമൃഗശല്യം പരിഹരിക്കുന്നതിന് ആർ.കെ.വി.വൈ-പദ്ധതി ഫണ്ട് ഉപയോഗിച്ച് 12 കിലോമീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനായുള്ള അടങ്കൽ തയ്യാറാക്കി വനം വകുപ്പും, കൃഷി വകുപ്പും തമ്മിലുള്ള എം.ഒ.യു. ഒപ്പുവയ്ക്കുന്ന മുറയ്ക്ക് ടി പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാധിക്കും. കേരളത്തിൽ കൃഷി വകുപ്പുമായി സഹകരിച്ച് നടപ്പാക്കുന്ന ആദ്യത്തെ പദ്ധതിയാണിത്.

മൂന്നാർ ഡിവിഷനിൽ നബാർഡ് XXIX സ്കീമിലുൾപ്പെടുത്തി കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിലായി മുത്തനാമുടി, ആനന്ദൻകുടി, വെളിയത്ത്

പറമ്പ് ഭാഗങ്ങളിലായി 8 കിലോമീറ്റർ ആനക്കിടങ്ങും, 9.25 കിലോമീറ്റർ സോളാർ തൂക്കുവേലിയും നിർമ്മിക്കുന്നതിനും, മലയാറ്റൂർ ഡിവിഷനിലെ വേങ്ങൂർ, കോട്ടപ്പടി, പിണ്ടിമന പഞ്ചായത്ത് പ്രദേശങ്ങളിൽ 30 കിലോമീറ്റർ ദൂരത്തിൽ സോളാർ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിനും ഭരണാനുമതി നൽകി ടി പ്രവൃത്തി ചെയ്യുന്നതിന് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

മലയാറ്റൂർ ഡിവിഷന് കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ 28.7 ലക്ഷം രൂപ വിനിയോഗിച്ച് 11 കി.മീ സോളാർ തൂക്കുവേലി നിർമ്മിച്ചിട്ടുണ്ട്.

മലയാറ്റൂർ ഡിവിഷന് കീഴിലെ കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെട്ട കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജവേലികളുടെ നിർമ്മാണം, നിലവിലുള്ള സൗരോർജ്ജവേലികൾ കൂടുതൽ ഫലപ്രദമായ സൗരോർജ്ജ തൂക്കുവേലികളായി നവീകരിക്കൽ, താൽക്കാലിക വാച്ചർമാരെ

ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്.

RKVY പദ്ധതി പ്രകാരം കുട്ടമ്പുഴ പഞ്ചായത്തിലെ താളുംകണ്ടം ട്രൈബൽ സെറ്റിൽമെന്റിന് ചുറ്റും 17.11 ലക്ഷം രൂപ ചിലവിൽ 5.00 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടമ്പുഴ പഞ്ചായത്തിൽനിന്നും ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ പൂയംകുട്ടി പ്രദേശത്ത് 13.55 ലക്ഷം രൂപ ചെലവിൽ 4.50 കിലോമീറ്റർ ദൂരത്തിൽ സോളാർ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

കോതമംഗലം ഡിവിഷനിൽ നബാർഡ് പദ്ധതി മുഖേന പൂച്ചകുത്ത് മുതൽ ചേലമല വരെയും കളപ്പാറ മുതൽ വെളിയച്ചാൽ വരെയും 90.19 ലക്ഷം രൂപ ചിലവിൽ 8 കിലോമീറ്റർ ദൂരത്തിൽ എലിഫന്റ് പ്രൂഫ് ഹാംഗിംഗ് ഫെൻസിംങ്ങിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതി മുഖേന ഇഞ്ചത്തൊട്ടി തൂക്കുപാലം മുതൽ ഓവുങ്ങൽ കടവ് വരെ 15 കി.മീ

ദൂരത്തിൽ 1,27,49,000/ രൂപ ചിലവിൽ ഹാംഗിംഗ് സോളാർ പവർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്.

ഇടുക്കി വൈൽഡ്‌ലൈഫ് ഡിവിഷനിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ വനാതിർത്തി പങ്കിടുന്ന കുട്ടമ്പുഴ പഞ്ചായത്തിലെ പ്രദേശങ്ങളിൽ വന്യജീവിശല്യം ലഘൂകരിക്കുന്നതിനായി തട്ടേക്കാട്, ആലാനിക്കൽപ്പടി, കുറ്റാംപാറ, പൂറമല, മണിമരുതുംചാൽ, പാറക്കടവ് തുടങ്ങിയ പ്രദേശങ്ങളിൽ 14.50 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലി സ്ഥാപിച്ച് പരിപാലിച്ച് വരുന്നു.

വന്യജീവി ശല്യം ലഘൂകരിക്കുന്നതിനായി NABARD TRANCHE XXX-A ഉൾപ്പെടുത്തി ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ പടപ്പൻപാറ, ഞായപ്പിള്ളി, തട്ടേക്കാട് ചെക്ക്പോസ്റ്റ് എന്നിവിടങ്ങളിലായി 5.70 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനായി 69.73 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്.

മനുഷ്യ-വന്യമൃഗ സംഘർഷ സാധ്യതാ പ്രദേശങ്ങളിൽ അടിയന്തര ഇടപെടൽ നടത്തുന്നതിലേക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ

 റ്റും കോതമംഗലം ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഡിവിഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു.

എല്ലാ ഡിവിഷനുകളിലും ജനജാഗ്രതാ സമിതികളും വാട്സ്ആപ്പ് ഗ്രൂപ്പുകളും രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്.

മനുഷ്യ-വന്യമൃഗ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ കോതമംഗലം ഡിവിഷനിൽ ഒരു ആർ.ആർ.ടി-യും. മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയിഞ്ചിൽ 3 ആർ.ആർ.ടി-യും പ്രവർത്തിച്ചു വരുന്നു. കൂടാതെ 31.05.2024-ലെ സർക്കാർ ഉത്തരവുപ്രകാരം കോതമംഗലം ഡിവിഷൻ പരിധിയിൽ ഒരു ആർ.ആർ.ടി. കൂടി രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. കോതമംഗലം, മൂന്നാർ ഡിവിഷനുകളിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായി എമർജൻസി ഓപ്പറേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തട്ടേക്കാട്

പക്ഷിസങ്കേതത്തിന്റെ പരിധിയിൽ താൽക്കാലിക ആർ.ആർ.ടി. രൂപീകരിച്ച് എല്ലാ ദിവസവും നൈറ്റ് പട്രോളിംഗ് നടത്തിവരുന്നുണ്ട്.

കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി തിരികെ കാട്ടിലേക്ക് വിടുന്ന ഇലക്ട്രിക്ക് അലാറം സിസ്റ്റം തട്ടേക്കാട് റെയിഞ്ചിലെ വിവിധ അതിർത്തി പ്രദേശങ്ങളായ തട്ടേക്കാട്, പഴക്കാളിക്കുഴിമ്പ്, ഞായപ്പിള്ളി, കള്ളിപ്പാറ, കുറ്റമ്പാറ, ഉരുളൻതണ്ണി എന്നിവിടങ്ങളിൽ (6 എണ്ണം) സ്ഥാപിച്ചിട്ടുണ്ട്.

തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ഇടുക്കി എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു ക്യാമറ പരീക്ഷണാടിസ്ഥാനത്തിൽ ഒന്നാം ബ്ലോക്ക് ഏരിയായിൽ സ്ഥാപിച്ചിട്ടുണ്ട്. രാത്രിയിലും പകലും പ്രവർത്തിക്കുന്ന ടി സംവിധാനം വന്യജീവികളുടെ സാന്നിധ്യം മനസ്സിലാക്കി ഫോട്ടോ അടക്കമുള്ള മുന്നറിയിപ്പ് ടെലഗ്രാം ഗ്രൂപ്പുവഴി ബന്ധപ്പെട്ട ജീവനക്കാർക്കും പൊതുജനങ്ങൾക്കും നൽകുന്നു.

മനുഷ്യ-വന്യജീവി സംഘർഷം യഥാസമയം അറിയുന്നതിനും പരിഹാര നടപടികൾ ഏകോപിപ്പിക്കുന്നതിനും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഡിവിഷൻ ലെവൽ കൺട്രോൾ റൂം (മൊബൈൽ നമ്പർ 9188407520) പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

നിയോജകമണ്ഡലത്തിലെ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് 2024 മാർച്ച് മാസം വരെ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ (അപേക്ഷയോടൊപ്പം വേണ്ട രേഖകൾ പൂർണ്ണമായും ലഭ്യമായിട്ടുള്ളവ) തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.